**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3303** **13-07-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കങ്ങഴ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കങ്ങഴ വില്ലേജ് ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ ബലക്ഷയമായിട്ടുള്ള കാര്യം പരിശോധിക്കുമോ; | (എ) | ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പള്ളി അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട കങ്ങഴ വില്ലേജോഫീസ് കെട്ടിടം കാലപ്പഴക്കമുള്ളതും മേൽക്കൂരയ്ക്ക് ചോർച്ചയുള്ളതും ഭിത്തിക്ക് വിള്ളൽ ഉള്ളതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. |
| (ബി) | ചോർച്ചയും വിള്ളലും മൂലം അപകടാവസ്ഥയിലായ കെട്ടിടം സുരക്ഷാഭീഷണിയുണ്ടാക്കുന്ന സാഹചര്യം കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | എ യുടെ മറുപടി |

സെക്ഷൻ ഓഫീസർ